BAN ON PROCESSIONS

759. Mr. P. Govinda Menon (*Ernakulam*): Will Government be pleased to state.—

(*a*) whether restrictions exist regarding the taking out of processions anywhere in the State;

(*b*) if so, whether it is proposed to continue those restrictions?

Mr. B. V. K. Menon (*Secretary to Government*):

(*a*) Restrictions exist only in Ernakulam, Mattancheri and Willingdon Island where consideration of public order and safety do not permit unrestricted freedom to conduct processions.

(*b*) The Government are always ready to consider suggestions for the modification or relaxation of the restriction.

ASSISTANT INDUSTRIAL DIRECTOR

760. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഈ രാജ്യത്തു ഇല്ലാതിരുന്ന ഏതെല്ലാം കൂടിൽ വ്യവസായങ്ങളാണു് മി. ശ്രീധരമേനവനെ അസിസ്റ്റാണ്ടു് ഇൻഡസ്ട്രിയൽ ഡയറക്ടർ ആയി നിയമിച്ചതിനു ശേഷം കൊച്ചി രാജ്യത്തു അദ്ദേഹത്തിന്റെ പാടവംകൊണ്ടും ഉത്സാഹംകൊണ്ടും ഏർപ്പെടുത്തിയിട്ടുള്ളതു;

(ബി) അങ്ങിനെ ഏർപ്പെടുത്തിയ പുതിയ കൂടിൽ വ്യവസായങ്ങളും ഓരോന്നിനും ഉണ്ടായിട്ടുള്ള ചിലവുകൾ ഇതുവരെ ഗവൺമെണ്ടിൽനിന്നു് എത്ര ഉറപ്പിക ചിലവാക്കിയിട്ടുണ്ടു്; അതുകൊണ്ടു് എത്ര ഉറപ്പിക വരവുണ്ടായിട്ടുണ്ടു്; അതുകൊണ്ടു് എത്ര ഉറപ്പിക ആദായം ഉണ്ടായിട്ടുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ബ്രഷും സ്റ്റെയിറും ഉണ്ടാക്കുന്നതിനെ സംബന്ധിച്ചു ചില പരീക്ഷണങ്ങളും നടത്തിട്ടുള്ളതല്ലാതെ പുതിയതായി ഒരു കൂടിൽ വ്യവസായവും തുടങ്ങിയിട്ടില്ല.

(ബി) ഉത്തരം ആവശ്യമില്ല.

INDUSTRIAL SCHOOLS

761. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ചെറായി ഇൻഡസ്ട്രിയൽ സ്കൂളിൽ (സക്കാർ) ഇപ്പോൾ അതുകൊണ്ടു എത്ര അദ്ധ്യാപകന്മാർ ഉണ്ടു;

(ബി) അവർ ഏതേതു വിഷയങ്ങളും പഠിപ്പിക്കുന്നവരാണു;

(സി) ആ സ്കൂളിൽ വിദ്യാർത്ഥികളും വിദ്യാർത്ഥിനികളുമായി അതുകൊണ്ടു എത്ര പേരുണ്ടു;

(ഡി) ഏതെല്ലാം തരത്തിലുള്ള കരകൌശലങ്ങളാണു് അവിടെ അഭ്യസിപ്പിക്കുന്നതു;

(ഇ) ഓരോ ഇനത്തിലും എത്ര വിദ്യാർത്ഥികളുണ്ടു;

(എഫ്) അവിടത്തെ ഹെഡ്ഡു് മാസ്റ്റർ ടി സ്കൂളിൽതന്നെയാണോ താമസം;

(ജി) അങ്ങിനെയാണെങ്കിൽ അതു ഗവൺമെണ്ടനുവാദത്തോടു കൂടിയാണൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) രണ്ടു. കൂടാതെ ഒരാൾ അവുധിയിലാണു്.

(ബി) ഹെഡ്ഡു് മാസ്റ്റർ നെയ്ത്തു ലിറററി ടീച്ചർ ഗ്രൂപ്പിന്റെ ജോലിക്കു പുറമെ ലിറററി വിഷയങ്ങളും പഠിപ്പിക്കുന്നു.

(സി) എട്ടു (൮) ൨ വിദ്യാർത്ഥികൾ; ൩൧ വിദ്യാർത്ഥിനികൾ.

(ഡി) ഇപ്പോൾ നെയ്ത്തു മാത്രമാണു് അവിടെ പഠിപ്പിക്കുന്നതു.

(ഇ) എട്ടു കുട്ടികളും നെയ്ത്തു പരിശീലനത്തിലാണു്.

(എഫ്) അല്ല. എന്നാൽ ലിറററി ടീച്ചർ അവുധിയിലായിരുന്ന സമയം ചില അവസരങ്ങളിൽ ജോലിത്തിരക്കു കാരണം ഹെഡ്ഡു് മാസ്റ്റർ സ്കൂളിൽ താമസിച്ചതായി അറിയുന്നു.

(ജി) അങ്ങിനെ താമസിച്ചിരുന്നതു് ഗവൺമെണ്ടു അനുവാദത്തോടു കൂടിയല്ല.

LIBRARY ARCHIVES Kerala Legislative Assembly